26217
11/12/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാരും - താൽക്കാലിക പ്രൊമോഷൻ ലഭിച്ച ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ട.) ശ്രീ.പി.ആർ.വിജയകുമാറിന് അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റുകളും അതനുസരിച്ചുള്ള പെൻഷൻ, ഡി.സി.ആർ.ജി., മറ്റ് പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA (E)415/2017 കേസിന്റെ 15.06.2017-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.3932/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 07.12.2017

പരാമർശം: 1) 01.07.2014-ലെ ശ്രീ. പി.ആർ.വിജയകുമാർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ട.) സമർപ്പിച്ച അപേക്ഷ. (Annexure A9)

2) സ.ഉ.(സാധാ) നം.288/2017/തസ്വഭവ, തീയതി 02.02.2017. (Annexure A6)

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (E)415/2017-ന്മേലുള്ള 15.06.2017-ലെ ഉത്തരവ്.

4) സ.ഉ.(സാധാ) നം.3764/2017/തസ്വഭവ, തീയതി 23.11.2017.

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്കിൽ നിന്നും വിരമിച്ച ശ്രീ.വിജയകുമാർ പി.ആർ., ബി.ഡി.ഒ. തസ്തികയിലെ വാർഷിക ഇൻക്രിമെന്റുകൾ ലഭിക്കണമെന്നവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(E) 415/2017 ഫയൽ ചെയ്തിരുന്നു. ഗ്രാമവികസന വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ നേരിട്ടും ബൈടാൻസ്റ്റർ മുഖേനയും നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാതിരിക്കുകയും ബഹുഭൂരിപക്ഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ) തസ്തികകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്തിരുന്ന സാഹചര്യത്തിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും, പി.എസ്.സി. ലിസ്റ്റ് നിലവിൽ വരുമ്പോൾ തരംതാഴ്ത്തപ്പെടും എന്ന വ്യവസ്ഥയിൽ, ജോയിന്റ് ബി.ഡി.ഒ.മാർക്ക് കെ.എസ്.&എസ്.എസ്.ആർ ഭാഗം II. ചട്ടം 9 (a) (i) പ്രകാരം താൽക്കാലിക പ്രമോഷൻ നൽകിയിരുന്നു. അതനുസരിച്ച് ഗ്രാമവികസന കമ്മീഷണറുടെ 27.01.2009-ലെ എസ്റ്റാ.എ1/14206/08/സിആർഡി നമ്പർ നടപടിക്രമം പ്രകാരം ശ്രീ.പി.ആർ.വിജയകുമാറിന് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക പ്രമോഷൻ അനുവദിക്കുകയും, 01.11.2012-ൽ ടി തസ്തികയിൽ റഗുലറൈസ് ചെയ്യുകയും, 01.02.2013 തീയതിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ട്. 31.05.2015-ൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചു. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി സ്ഥാനക്കയറ്റം ലഭിച്ചശേഷം വിരമിക്കുന്നതുവരെ ടിയാന് വാർഷിക ഇൻക്രിമെന്റുകൾ ഒന്നും ലഭിച്ചിട്ടില്ലെന്നും, തനിക്കർഹതപ്പെട്ട 29.01.2010, 29.01.2011, 29.01.2012, 29.01.2013എന്നീ തീയതികളിൽ വാർഷിക ഇൻക്രിമെന്റുകൾ അനുവദിച്ച്, അതനുസരിച്ചുള്ള പെൻഷൻ, ഡി.സി.ആർ.ജി., മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ മുതലായവ അനുവദിക്കണമെന്നും ടിയാൻ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) ഗ്രാമവികസന വകുപ്പിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ നിന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി KS&SSR Part II Rule 9 (a) (i) പ്രകാരം താൽക്കാലിക പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥർക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്ന വിഷയത്തിൽ പരാമർശം (2)

പ്രകാരം, KS&SSR Part II Rule 9 (a) (i) പ്രകാരം നൽകിയ താൽക്കാലിക പ്രൊമോഷനുകൾ KS&SSR Part II Rule 31 (a) (i) പ്രകാരമുള്ള temporary promotion ആണ് എന്ന തരത്തിൽ 05.06.2010 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിന്റെ ആനുകൂല്യം 27.01.2009-ൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി താൽക്കാലിക പ്രൊമോഷൻ ലഭിച്ച ശ്രീ.വിജയകുമാറിന് ലഭിച്ചില്ലെന്നും, തുടർന്നുള്ള വാർഷിക ഇൻക്രിമെന്റുകളും ആനുപാതികമായ പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടാണ് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(E) 415/2017 ഫയൽ ചെയ്തത്. പരാമർശം (3) പ്രകാരമുള്ള വിധിയിൽ കോടതിവിധി ലഭിച്ച് 3 മാസത്തിനുള്ളിൽ ടിയാനെ നേരിൽ കേട്ട് Annexure-A6-ന്റെ വെളിച്ചത്തിൽ Annexure-A9-ന്മേൽ തീരുമാനം കൈക്കൊള്ളണമെന്ന് ഉത്തരവിടുകയുണ്ടായി. ആയതു പ്രകാരം 08.11.2017-ൽ ശ്രീ.പി.ആർ.വിജയകുമാറിനെ അണ്ടർ സെക്രട്ടറി നേരിൽ കേട്ടു.

3) സമാനമായ ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. ആയത് സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, താൽക്കാലിക പ്രൊമോഷൻ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ)മാർക്ക് കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 9 (a) (i) പ്രകാരം നൽകിയ താൽക്കാലിക പ്രൊമോഷനുകൾ അതാത് ഉത്തരവു തീയതി മുതൽ പ്രാബല്യത്തിൽ KS&SSR ഭാഗം II ചട്ടം 31 (a) (i) പ്രകാരമുള്ള Temporary Promotion ആണ് എന്ന തരത്തിൽ പരിഷ്കരിക്കാൻ പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു..

4) മേൽ സാഹചര്യത്തിൽ ശ്രീ.പി.ആർ.വിജയകുമാറിന് അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റുകളും അതനുസരിച്ചുള്ള പെൻഷൻ, ഡി.സി.ആർ.ജി., മറ്റ് പെൻഷൻ ആനുകൂല്യങ്ങളും പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 15.06.2017-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജയശ്രീ എം.

അണ്ടർ സെക്രട്ടറി

ശ്രീ.പി.ആർ.വിജയകുമാർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ട.), പത്മപുരത്തു ഹൗസ്, വളമംഗലം നോർത്ത്, ഇറവൂർ പി.ഒ., ആലപ്പുഴ ജില്ല. പിൻ - 688 531

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ